ടെക്സ്റ്റ് ബുക്ക് അച്ചടിയിൽനിന്നും കെ.ബി.പി.എസ്-നെ ഒഴിവാക്കാനുള്ള തീരുമാനം

21(2928) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെക്സ്റ്റ് ബുക്ക് അച്ചടി കെ.ബി.പി.എസ്.-നെ ഒഴിവാക്കി സ്വകാര്യ മേഖലയ്ക്ക് നൽകുന്നതിന് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ;

(ബി) എറണാകുളത്ത് കാക്കനാട്ടുള്ള കെ.ബി.പി.എസ്. അടച്ചുപൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; അക്കാര്യത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; ഇതിനു മുന്നോടിയായി ഇവിടെ ജീവനക്കാരെ നിയമിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(സി) നിലവിലുള്ള മാൻ പവർ ഉപയോഗിക്കുമ്പോൾ കെ.ബി.പി.എസ്.ന് വർക്ക് ലോഡ് കൂടുന്ന സാഹചര്യത്തിൽ സർക്കാർ പ്രസ്സുകളെക്കൂടി ചുമതല ഏൽപ്പിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളുമോ ; ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കെ.ബി.പി.എസ്. അടച്ചുപൂട്ടുന്നതിന് തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. കെ.ബി.പി.എസ്.-ൽ ജീവനക്കാരെ നിയമിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.ബി.പി.എസ്.-ൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട തസ്തികകളിലേക്കുള്ള നിയമന നടപടികൾ നടന്നുവരികയാണ്.

(സി) പാഠപുസ്തകങ്ങൾ പൂർണ്ണമായി കെ.ബി.പി.എസ്.-ൽ തന്നെ അച്ചടിച്ച് വിതരണം ചെയ്യാൻ കഴിയും.

എ.ഇ.ഒ, ഡി.ഇ.ഒ. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

22(2929) ശ്രീ. റ്റി. യു. കുരുവിള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്ത് ഉണ്ടായ മികവിന് അനുസരിച്ച് എ.ഇ.ഒ. ഓഫീസ് മുതൽ ഡി.പി.ഐ. വരെയുള്ള ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly